**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389** | **23-01-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭാ പരിധിയിൽ കക്കൂസ് മാലിന്യം ഒഴുക്കി വിടുന്നതിനെതിരെ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള ഓടകളിലും, ജലസ്രോതസ്സുകളിലും കക്കൂസ് മാലിന്യം ഒഴുക്കി വിടുന്നതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട് .<br>• തിരുവനന്തപുരം ബീച്ച് സർക്കിൾ ഓഫീസ് പരിധിയിൽ 4/12/24 ൽ 25000/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്.<br>• ഫോർട്ട് സോണൽ പരിധിയിൽ KM Act Sec 840 A പ്രകാരം നോട്ടിസ് നൽകി നടപടി സ്വീകരിച്ചു വരുന്നു.<br>• ജഗതി സർക്കിൾ പരിധിയിൽ ആനന്ദ് മോഹൻ,16/ 069(1) ആനന്ദ എഞ്ചിനീയറിംഗ് വർക്ക്സ് എന്ന വ്യക്തിയിൽ നിന്നും 7/8/24 ൽ 35010/-രൂപ ഒടുക്ക് വരുത്തി.<br>• സെക്രട്ടേറിയറ്റ് സർക്കിൾ പരിധിയിൽ 'പോത്തീസ് സ്വർണ്ണ മഹൽ' ,'കീർത്തി ഹോട്ടൽ 'എന്നീ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.<br>• മുടവൻ മുഗൾ വാർഡിൽ cordial flat നിർമ്മിക്കുന്ന സ്ഥലത്ത് കക്കൂസ് മാലിന്യം ഒഴുക്കി വിട്ടതിന് നോട്ടിസ് നൽകി 12,500/- രൂപ പിഴ ഈടാക്കി.<br>• നിലവിൽ Enforcement Squad ന്റെ നേതൃത്വത്തിൽ കണ്ടെത്തുന്ന നിയമ വിരുദ്ധ മാലിന്യം തള്ളൽ പ്രവർത്തനങ്ങൾക്ക് നോട്ടിസ് നൽകി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | • നോട്ടിസ് നൽകുക, പിഴ ഈടാക്കുക, കേസ് എടുക്കുക, കൂടാതെ വാർഡ് തല ജാഗ്രതാസമിതികൾ, വാർഡ് തല ശുചിത്വ ആരോഗ്യ സമിതികൾ, എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തനം എന്നിവ നടന്നു വരുന്നു. ഇത്തരം കേസുകൾ ആവർത്തിക്കാൻ |

| | | | |
|---|---|---|---|
| | | | സാധ്യതയുള്ള സ്ഥലങ്ങളിൽ സർക്കിൾ തലത്തിൽ രാത്രികാല ജോലികൾക്ക് ജീവനക്കാരെ നിയോഗിക്കാറുണ്ട്.<br><br>നഗരസഭയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററും തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6 മുതൽ രാത്രി 8 വരെയും, ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 7 മുതൽ 4 വരെയും പ്രവർത്തിക്കുന്ന 36 വാഹനങ്ങൾ ഉൾപ്പെടുന്ന septage collection സെന്ററും പ്രവർത്തിക്കുന്നു. |
| (സി) | നഗരസഭ പരിധിയിലെ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സ്വാഭാവിക ജല ലഭ്യത ഉറപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | • മഴക്കാലത്തോടനുബന്ധിച്ച് തോട്ടിലും മറ്റും അടിഞ്ഞുകൂടുന്ന അജൈവമാലിന്യം ജീവനക്കാരെ ഉപയോഗിച്ച് ശേഖരിച്ച് തരം തിരിച്ച് അംഗീകൃത ഏജൻസിക്ക് കൈമാറുന്നു.<br>• റെസിഡൻഷ്യൽ അസോസിയേഷനുകൾക്ക് കീഴിൽ സ്ക്വാഡുകൾ രൂപീകരിച്ച് ജനകീയ കൂട്ടായ്മകളിലൂടെ ക്ലീനിംഗ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നു.<br>• പുഴകളെയും, നദികളെയും ശുചീകരിക്കുന്നതിന് ''ഇനി ഞാൻ ഒഴുകട്ടെ' എന്ന വാർഡ് തല ക്യാമ്പയിൻ സംഘടിപ്പിക്കുന്നു.<br><br>' തെളി നീരൊഴുകും നവകേരളം' പദ്ധതിയുടെ ഭാഗമായി ജല സ്രോതസ്സുകൾ മാലിന്യ മുക്തമാക്കിയും Trash Boom, Fencing, നിരീക്ഷണ ക്യാമറ സ്ഥാപിച്ചും ജല സ്രോതസ്സുകളിലേക്ക് മാലിന്യം എത്താതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ